(എ) തീർത്ഥാടന സ്ഥലങ്ങളായ കാടാമ്പുഴ, പറശ്ശിനിക്കടവ്, ലോകനാർക്കാവ്, ഗുരുവായൂർ, കൊട്ടിയൂർ, കർണ്ണാടകത്തിലെ കൊല്ലൂർ, ഉഡുപ്പി, ധർമ്മസ്ഥല എന്നീ സ്ഥലങ്ങളിൽ നിന്ന് ടൂറിസ്റ്റ്-കം-തീർത്ഥാടന കേന്ദ്രമായ വയനാട്ടിലെ ബ്രഹ്മഗിരിയിലെ പാപനാശത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ കെ. എസ്. ആർ. ടി. സി. ബസ്സ് മുഖേന ബന്ധിപ്പിക്കുവാൻ പരിപാടിയുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും, മേൽപ്പറഞ്ഞ തീർത്ഥാടന കേന്ദ്രങ്ങളും ബ്രഹ്മഗിരിയിലെ പാപനാശം തീർത്ഥാടന കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഗുരുവായൂരിൽ നിന്നും നിലവിൽ ഒരു സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) തൽക്കാലം ഈ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

തലസ്ഥാനത്ത് നിന്നും ടൂറിസ്റ്റ് തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസ്

107 [2879] **ശ്രീ. വർക്കല കഹാർ :**
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ, ഏതെല്ലാം തീർത്ഥാടന കേന്ദ്രം-കം-ടൂറിസ്റ്റു കേന്ദ്രങ്ങളായുള്ള സ്ഥലങ്ങളുമായി കെ. എസ്. ആർ. ടി. സി. ബസ്സ് മുഖേന ബന്ധപ്പെടുത്തിയിട്ടുണ്ട്;

(ബി) ഒരു തീർത്ഥാടന കേന്ദ്രവും, ടൂറിസ്റ്റ് ആകർഷണ കേന്ദ്രവുമായ ബ്രഹ്മഗിരിയിലെ പാപനാശത്തേക്ക് തിരുവനന്തപുരത്തുനിന്ന് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്തുന്നുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഇക്കാര്യത്തിൽ നിവേദനം ലഭിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരത്തുനിന്ന് ബ്രഹ്മഗിരിയിലെ പാപനാശത്തേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) നിവേദനം ലഭിച്ചിരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

കേരളാ-ബോംബെ-ബാംഗ്ലൂർ-ചെന്നൈ ബസ് സർവ്വീസ്

108 [2880] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005, 2006 വർഷത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ കെ. എസ്. ആർ. ടി. സി. ആരംഭിക്കുന്നത് സംബന്ധിച്ച് അന്യ സംസ്ഥാനങ്ങളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ബോംബെ, ബാംഗ്ലൂർ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് കെ. എസ്. ആർ. ടി. സി.-യുടെ എയർ കണ്ടീഷൻഡ് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കെ. എസ്. ആർ. ടി. സി. തമിഴ്നാട്, കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) പുതിയ എയർകണ്ടീഷൻഡ് ബസ്സുകൾ ഇറക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ബസ്സ് സ്റ്റോപ്പുകളുടെ പുനർനിർണ്ണയം

109 [2881] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly